**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3535** **12-03-2025 - ൽ മറുപടിയ്ക്ക്**

**കുന്നത്തുനാട് മണ്ഡലത്തിലെ സ്മാർട്ട് കൃഷിഭവനുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി. ശ്രീനിജിൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കുന്നത്തുനാട് മണ്ഡലത്തിൽ ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ ആയി ഉയർത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) | കുന്നത്തുനാട് മണ്ഡലത്തിൽ കുന്നത്തുനാട് കൃഷി ഭവനെയാണ് സ്മാർട്ട് കൃഷിഭവനാക്കുവാൻ തെരഞ്ഞെടുത്തിട്ടുള്ളത്. |
| (ബി) | സ്മാർട്ട് കൃഷിഭവനായി ഉയർത്തിയ കൃഷിഭവനുകളിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; | (ബി) | കർഷകർക്കാവശ്യമായ സേവനങ്ങൾ മുഴുവനായും കൃഷി ഓഫീസിൽ നിന്നും ലഭ്യമാക്കുവാനും കൃഷി ഉദ്യോഗസ്ഥരുടെ സേവനം പൂർണ്ണമായും കൃഷിയിടത്തിൽ എത്തിക്കുവാനും ഉദ്ദേശിച്ച് നടപ്പാക്കുന്ന പദ്ധതിയാണ് സ്മാർട്ട് കൃഷി ഭവൻ. അടിസ്ഥാന സൗകര്യ വികസനത്തോടൊപ്പം സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമാക്കി എല്ലാ സേവനങ്ങളും സ്മാർട്ട് ആക്കുന്നു. ഫ്രണ്ട് ഓഫീസ് സംവിധാനം, പ്ലാന്റ് ഹെൽത്ത് ക്ലിനിക്ക്, ഫാർമസി, ടെലിവിഷൻ, ഡിജിറ്റൽ ഡിസ്പ്ല ബോർഡുകൾ, ഇന്റർനെറ്റ് കണക്റ്റിവിറ്റി എന്നിവ ലഭ്യമാക്കിയിട്ടുണ്ട്. |
| (സി) | മണ്ഡലത്തിൽ പുതുതായി ഏതെല്ലാം കൃഷിഭവനുകളെയാണ് സ്മാർട്ട് കൃഷിഭവൻ പദ്ധതിയിൽ ഇനി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |
| (ഡി) | മണ്ഡലത്തിലെ കൂടുതൽ കൃഷിഭവനുകളെ സ്മാർട്ട് കൃഷിഭവൻ ആക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ഡി) | സ്മാർട്ട് കൃഷിഭവൻ പദ്ധതിയിലൂടെ സംസ്ഥാനത്തെ എല്ലാ കൃഷിഭവനുകളെയും ഘട്ടം ഘട്ടമായി ഫണ്ടിന്റെ ലഭ്യതയ്ക്കനുസരിച്ച് സ്മാർട്ട് കൃഷിഭവനുകളാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ